**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3533 18.02.2013 - ൽ മറുപടിയ്ക്ക്

<u>വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം</u>

ചോദ്യം ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി **ഡോ. എം.കെ. മുനീർ**

( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 17524 പേർക്ക് വിവാഹധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് എന്തെല്ലാം രേഖകളാണ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ; | (ബി) | വിവാഹ ധനസഹായത്തിനുള്ള അപേക്ഷ, കല്യാണക്കുറി, അപേക്ഷകയുടെ ഭർത്താവ് മരിച്ചു പോയി എന്ന് തെളിയിക്കുന്നതിനുള്ള ജനന മരണ രജിസ്ട്രാറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നീ രേഖകളാണ് നൽകേണ്ടത്. |
| (സി) | വിവാഹം നടന്നശേഷം ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങൾ പാലിക്കണമെന്ന് വ്യക്തമാക്കുമോ? | (സി) | വിവാഹത്തിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് ഒരു മാസം മുമ്പെങ്കിലും അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ വിവാഹം കഴിഞ്ഞ തീയതി മുതൽ ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷകൾക്ക് കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. അപേക്ഷയും അനുബന്ധ രേഖകളോടൊപ്പം മാപ്പപേക്ഷയും സ്വീകരിച്ച് അർഹതയുണ്ടെങ്കിൽ ധനസഹായം അനുവദിക്കാവുന്നതാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ